# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3737 11.11.2019- ൽ മറുപടിയ്ക്ക്

## ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് കമ്പനി

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസികൾക്കായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് കമ്പനി രൂപീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത കമ്പനി രൂപീകരണത്തിലൂടെ എന്താണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്താമോ; | ബി) | പ്രവാസി മലയാളികളിൽ നിന്നും 74% ഓഹരി മൂലധന നിക്ഷേപം സമാഹരിച്ചുകൊണ്ടും 26% ഓഹരി മൂലധനം സർക്കാർ നിക്ഷേപിച്ചുകൊണ്ടും ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിങ് ലിമിറ്റഡ് എന്ന നിക്ഷേപ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കമ്പനിയുടെ തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ദീർഘകാല ലാഭവും വളർച്ചയും കൈവരിക്കുന്നതിന് പ്രായോഗികമായ പ്രോജക്ടുകൾ കമ്പനി നിക്ഷേപകർക്ക് നൽകുന്നതാണ്. പൂർണ്ണമായും പ്രവാസികളുടെ സാമ്പത്തികവും സാങ്കേതികവുമായ സഹകരണത്തോടുകൂടി കേരളത്തിലെ നിക്ഷേപ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി കമ്പനിയെ വിജയത്തിലെത്തിക്കുകയാണ് ലക്ഷ്യം. |
| സി) | പ്രസ്തുത കമ്പനി വഴി സംസ്ഥാനത്ത് ചെറുകിട, ഇടത്തരം സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് എത്രപേർ ഇതിനകം മുന്നോട്ടുവന്നിട്ടുണ്ടെന്നും അതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തുണ്ടാകുമെന്നും വ്യക്തമാക്കുമോ? | സി) | ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ രൂപീകരണത്തിന് തുടർച്ചയായി സംസ്ഥാനത്ത് പ്രവാസി നിക്ഷേപം കൊണ്ടു വരുന്നതിന് 2019 ഒക്ടോബറിൽ ദുബായിൽ എൻ. ആർ. കെ. എമർജിംഗ് എന്റർപ്രണേഴ്സ് മീറ്റ് സംഘടിപ്പിച്ചിരുന്നു. വിവിധ മേഖലകളിൽ നിക്ഷേപം നടത്തുവാൻ |

| | | | |
|---|---|---|---|
| | | | താൽപര്യമുള്ളവരുമായി നേരിട്ട് ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചകളിലുണ്ടായിട്ടുള്ള നിക്ഷേപ വാഗ്ദാനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**